'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6188 — 20.11.2019 ന് മറുപടിയ്ക്ക്

### വന്യജീവി സങ്കേതങ്ങളിൽ സംഘടിപ്പിക്കുന്ന പ്രകൃതി പഠനക്ലാസ്സുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോജി എം. ജോൺ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | വന്യജീവി സങ്കേതങ്ങളിൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രകൃതി പഠനക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കേരളത്തിലെ വിവിധ വനമേഖലകളിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പരിസ്ഥിതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകൾക്കും മറ്റ് സാമൂഹിക - സാംസ്കാരിക സംഘടനകൾക്കും ക് ളാസുകൾ, ട്രെക്കിംഗ് എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രകൃതി പഠന ക്യാമ്പുകൾ വകുപ്പ് നടത്തി വരുന്നുണ്ട്. |
| (ബി) | എത്ര ദിവസത്തെ പഠനക്ലാസ്സുകളാണ് സംഘടിപ്പിക്കുന്നത്; ഏതൊക്കെ വന്യജീവി സങ്കേതങ്ങളിലാണ് ഇത് സംഘടിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | മൂന്ന് ദിവസം വരെയുള്ള പഠന ക്യാമ്പുകൾ ആണ് നടത്തുന്നത്. പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്ന വന്യജീവി സങ്കേതങ്ങൾ ചുവടെ ചേർക്കുന്നു:- |

| | | |
|---|---|---|
| 1 | തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ | നെയ്യാർ വന്യജീവി സങ്കേതം<br>പേപ്പാറ വന്യജീവി സങ്കേതം<br>അഗസ്ത്യവനം |

| | | |
|---|---|---|
| 2 | ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ | ശെന്തുരുണി<br><br>വന്യജീവി സങ്കേതം |
| 3 | പെരിയാർ ടൈഗർ റിസർവ്വ് | തേക്കടി, വള്ളക്കടവ് (പെരിയാർ ഈസ്റ്റ് ഡിവിഷൻ)<br><br>കുമരകം, പമ്പ (പെരിയാർ വെസ്റ്റ് ഡിവിഷൻ) |
| 4 | മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ | ഇരവികുളം വന്യജീവി സങ്കേതം<br><br>ചിന്നാർ വന്യജീവി സങ്കേതം<br><br>ഷോല നാഷണൽ പാർക്ക് |
| 5 | ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ | വെള്ളപ്പാറ<br><br>തട്ടേക്കാട് പക്ഷി സങ്കേതം |
| 6 | പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ | പീച്ചി വന്യജീവി സങ്കേതം<br><br>ചിമ്മിനി വന്യജീവി സങ്കേതം |
| 7 | പറമ്പിക്കുളം ടൈഗർ റിസർവ്വ് | പറമ്പിക്കുളം ടൈഗർ റിസർവ്വ് |
| 8 | സൈലൻറ് വാലി വൈൽഡ് ലൈഫ് ഡിവിഷൻ | സൈലൻറ് വാലി നാഷണൽ പാർക്ക് (മുക്കാലി) |
| 9 | വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ | മുത്തങ്ങ<br><br>തോൽപ്പെട്ടി<br><br>ചെതലത്ത് |
| 10 | ആറളം വൈൽഡ് ലൈഫ് ഡിവിഷൻ | ആറളം<br><br>വന്യജീവി സങ്കേതം |

| | | | |
|---|---|---|---|
| (സി) | 2018-19-ൽ ഇത്തരം പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനായി വനം വകുപ്പ് എന്ത് തുകയാണ് ചെലവഴിച്ചതെന്ന് അറിയിക്കുമോ? | (സി) | വന്യജീവി വിഭാഗത്തിനുകീഴിൽ 2018-19 വർഷത്തിൽ പ്രകൃതി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനായി 1,48,75,018.00 രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ